## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 707

30/06/2011 ൽ
മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. പി.എ. മാധവൻ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയതെന്ന് അറിയിക്കുമോ;

(എ) 03/11/09 -ലെ ജി.ഒ (എം.എസ്) നം. 214/09/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ- ഓർഡിനേറ്റർ ആയി ഒരു കമ്മിറ്റി രൂപികരിച്ചു. വിദ്യാഭ്യാസ അവകാശ നിയമം കേരളത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നും എങ്ങനെയാകണം പഠനം നടത്തേണ്ടതെന്നും തീരുമാനിക്കാൻ വേണ്ടിയാണ് കമ്മിറ്റി രൂപീകരിച്ചത്. ഈ കമ്മിറ്റി വിവിധ വശങ്ങൾ പരിശോധിച്ച ശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ശുപാർശ ചെയ്യുകയും ശുപാർശയുടെ അടിസ്ഥാനത്തിൽ 27/07/10 ലെ ജി.ഒ (എം.എസ്) നം. 137/10/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ലിഡാജേക്കബ് ഐ.എ.എസ്. (Rtd) വിദ്യാഭ്യാസ അവകാശ നിയമ കമ്മീഷനായി നിയമിച്ച് ഉത്തരവാകുകയും ചെയ്തു.
2011 ജനുവരിയിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചു. കെ.ഇ. ആർ. പരിഷ്ക്കരണത്തിനായി നിയമിച്ച സി.പി. നായർ കമ്മറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനായി

പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി. പി.. വനജയെ കൺവീനറാക്കി 18/11/2010 ലെ ജി.ഒ (എം.എസ്) നം. 239/10/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചു. വനജ കമ്മിറ്റിയുടെ ശുപാർശയും ലിഡാ കമ്മിറ്റി റിപ്പോർട്ടും നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയക്കുകയും നിയമവകുപ്പിന്റെ സൂക്ഷമ പരിശോധനയ്ക്ക് ശേഷം 30/04/2011 ലെ ജി.ഒ (പി) നം. 100/2011/പൊ.വി നമ്പർ നോട്ടിഫിക്കേഷനിലൂടെ കേരള വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ കേരള സംസ്ഥാനത്ത് നിലവിൽ വരികയും ചെയ്തു.

| | |
|---|---|
| (ബി) കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം എന്നുമുതൽ നടപ്പിലാക്കുമെന്ന് അറിയിക്കുമോ; | (ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ 2011 ഏപ്രിൽ 30 ന് (ജി.ഒ. (പി.) നം. 100/2011/പൊ.വി.വ.) സംസ്ഥാന സർക്കാർ വിജ്ഞാപനമായി പുറപ്പെടുവിച്ചു. ഈ വിജ്ഞാപന പ്രകാരം, 30/04/2011 മുതൽ വിദ്യാഭ്യാസ അവകാശനിയമം കേരളത്തിൽ പ്രാബല്യത്തിൽ വന്നു. |
| (സി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങൾ കേരളത്തിന് കൂടുതലായി ലഭിക്കുമെന്ന് അറിയിക്കുമോ; | (സി) വിദ്യാഭ്യാസ അവകാശനിയമം സെക്ഷൻ 7 പ്രകാരം കേന്ദ്ര ഗവൺമെന്റ് അതാതു സമയങ്ങളിൽ നിശ്ചയിക്കുന്ന അനുപാത പ്രകാരം, ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ഗ്രാന്റ് -ഇൻ-എയ്ഡ് സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്. 65:35 ആണ് കേന്ദ്ര-സംസ്ഥാന അനുപാതമായി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് കേന്ദ്രനിയമത്തിലെ സെക്ഷൻ 19 ലെ ഷെഡ്യൂൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള ധനസഹായത്തിന്റെ നിശ്ചിത തോതിനും അർഹതയുണ്ട്. |

(ഡി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുവഴി വിദ്യാർത്ഥികളുടെ കുറവുമൂലം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ സാധിക്കുമോ;

(ഡി) വിദ്യാഭ്യാസ അവകാശനിയമം പൂർണ്ണമായി നടപ്പിലാക്കുന്ന മുറയ്ക്ക് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അദ്ധ്യാപകരുടെ ജോലി പരമാവധി സംരക്ഷിക്കുന്നതാണ്.

(ഇ) പ്രസ്തുത നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഇ) വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ശുപാർശ സമർപ്പിക്കുന്നതിന് 03/06/2011 ലെ ജി.ഒ (പി) നം. 135/2011/പൊ.വി.വ നമ്പർ ഉത്തരവിലൂടെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി കൺവീനറും വ്യവസായ വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, റവന്യൂ വകുപ്പു മന്ത്രി, ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, സാംസ്ക്കാരിക ഗ്രാമവികസന വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായ ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി വിശദമായി പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ